Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

*6701/എഫ്/2013/കെ.എസ്സ്.എച്ച്.ഒ* 22..06..2015

# സർക്കുലർ

വിഷയം:- കുടുംബശ്രീ – ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം) കമ്മ്യൂണിറ്റി ഓർഗനൈസറുടെ (സി.ഒ) നിയമനം – മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

ദേശീയ നഗര ഉപജീവന മിഷന്റെ നഗരതലത്തിലുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി, നഗരമിഷൻ മാനേജ്മെന്റ് യൂണിറ്റുകളെ സഹായിക്കുവാനായി കമ്മ്യൂണിറ്റി ഓർഗനൈസർമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്. പദ്ധതി നടപ്പിലാക്കുന്ന നഗരസഭകളിൽ 3000 ദരിദ്രകുടുംബങ്ങൾക്ക് ഒരാൾ എന്ന കണക്കിലാണ് നിയമനം നടത്തേണ്ടത്.

**വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവും**

1. അപേക്ഷകർ ബിരുദധാരിയായിരിക്കണം
2. കമ്പ്യൂട്ടർ പരിജ്ഞാനം (വേർഡ്, എക്സൽ, പവർപോയിന്റ്) ഉണ്ടായിരിക്കണം.
3. അപേക്ഷകർക്ക് സാമൂഹ്യവികസനവുമായി ബന്ധപ്പെട്ട് ജനവിഭാഗങ്ങളുടെ ഇടയിൽ ഏറ്റവും കുറഞ്ഞത് 5 വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം.
4. ഇംഗ്ലീഷ്, മലയാളം ഭാഷകൾ സംസാരിക്കാനും എഴുതാനുമുള്ള കഴിവുണ്ടായിരിക്കണം.

**മേൽപറഞ്ഞ യോഗ്യതയുള്ള കുടുംബശ്രീ പ്രവർത്തകർക്ക് മുൻഗണന നൽകാവുന്നതാണ്.**

**കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ പ്രധാന ചുമതലകൾ**

1. നഗരങ്ങളിലെ പാവപ്പെട്ടവരുടെ സാമൂഹ്യ സംഘാടനം നടപ്പാക്കുക
2. നഗരപ്രദേശങ്ങളിലെ പാവപ്പെട്ടവരുടെ സ്വയംസഹായ സംഘങ്ങൾ, അവയുടെ വിവിധതരത്തിലുള്ള ഫെഡറേഷനുകൾ (എഎൽഎഫ്, സിഎൽഎഫ്) രൂപീകരിക്കുക.
3. സ്വന്തം പ്രവർത്തന മണ്ഡലത്തിൽ ദേശീയ നഗര ഉപജീവന മിഷന്റെ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിന് സഹായിക്കുക.
4. പദ്ധതി പ്രദേശത്തുള്ള അടിസ്ഥാനസൗകര്യങ്ങൾ, ആസ്തികൾ, സാമൂഹ്യഘടകങ്ങളുടെ സമഗ്രമായ ഡാറ്റാബേസ് ഉണ്ടാക്കുക; അത് കാലകാലങ്ങളിൽ അപ്ഡേറ്റ് ചെയ്യുക.

Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax: 0471-2554717 e-mail: info@kudumbashree.org
www.kudumbashree.org

5. ഭിന്നശേഷിയുള്ളവരുടെ പ്രത്യേക സ്വയംസഹായസംഘങ്ങൾ രൂപീകരിക്കുകയും അവർക്ക് വേണ്ടുന്ന മറ്റ് ഏജൻസികളുമായി ഏകീകരണ പ്രവർത്തനങ്ങൾ ചെയ്യുക.
6. സ്വയംസഹായ സംഘങ്ങളെ ബാങ്കുകളുമായി കൂട്ടിയോജിപ്പിക്കുക.
7. പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധം സ്ഥാപിക്കുക.
8. ദേശീയ നഗര ഉപജീവന മിഷന്റെ വിവിധ സർവ്വേകൾ നടത്തുവാൻ സഹായിക്കുക.
9. കമ്മ്യൂണിറ്റി കോൺട്രാക്ടറുകളുടെ നടത്തിപ്പ്, സാമൂഹ്യ ആസ്തികളുടെ നടത്തിപ്പും പരിപാലനവും തുടങ്ങിയവയിൽ സഹായിക്കുക.
10. നല്ല പ്രവർത്തനങ്ങളെ ഡോക്യുമെന്റ് ചെയ്യുക
11. ആവശ്യാനുസരണം യോഗങ്ങളും പരിശീലനങ്ങളും സംഘടിപ്പിക്കുകയും പങ്കെടുക്കുകയും ചെയ്യുക
12. ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കുക.
13. സമയാസമയം സിറ്റി.പ്രോജക്ട് ഓഫീസർ, നിർദ്ദേശിക്കുന്ന മറ്റു ജോലികൾ നിർവ്വഹിക്കുക.

**കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ നിയമന നടപടികൾ**

1. കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ നിയമനം അതാത് നഗരസഭയുടെ ചുമതലയാണ്.
2. ജില്ലയിൽ പ്രചാരമുള്ള ദിനപത്രത്തിൽ പരസ്യം നൽകിയതിനുശേഷമേ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കാവൂ.
3. എഴുത്തുപരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കണം നിയമനം നടത്തേണ്ടത്
4. തെരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടിക നഗസഭയും ജില്ലാമിഷൻ ഓഫീസും പ്രസിദ്ധീകരിക്കേണ്ടതാണ്. ഈ പട്ടികയ്ക്ക് ഒരു വർഷത്തെ കാലാവധി ഉണ്ടായിരിക്കണം.
5. നഗരസഭതലത്തിൽ നിയമനം നടത്തുന്നതിന് (എഴുത്ത് പരീക്ഷ, അഭിമുഖം) താഴെപ്പറയുന്ന ഒരു കമ്മിറ്റിക്ക് രൂപം നൽകേണ്ടതാണ്.

- നഗരസഭ ചെയർമാൻ – ചെയർമാൻ
- നഗരസഭ സെക്രട്ടറി – അംഗം
- സിറ്റി പ്രോജക്ട് ഓഫീസർ – അംഗം
- ജില്ലാമിഷൻ കോ–ഓർഡിനേറ്റർ – കൺവീനർ
- സംസ്ഥാന മിഷൻ പ്രതിനിധി – അംഗം

പ്രസ്തുത കമ്മിറ്റി എഴുത്തുപരീക്ഷ നടത്തി; ആയതിനുശേഷം അഭിമുഖം നടത്തി യോഗ്യരായ ഉദ്യോഗാർത്ഥിയുടെ (മാർക്ക് സഹിതം) സംസ്ഥാനമിഷൻ ഓഫീസിൽ അയച്ചുതരേണ്ടതും മിഷൻ ഓഫീസിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്, സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റുമായി (സി.പി.ഒ) 500 രൂപ പത്രത്തിൽ കരാർ വയ്ക്കേണ്ടതാണ്. എഴുത്ത്

പരീക്ഷയ്ക്കും ഇന്റർവ്യൂവിനും നൽകുന്ന മാർക്ക് യഥാക്രമം 80:20 എന്ന അനുപാതത്തിൽ ആയിരിക്കേണ്ടതാണ്.

**നിയമനം സംബന്ധിച്ച മറ്റുകാര്യങ്ങൾ**

1. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം പരമാവധി 10000 രൂപ ഓണറേറിയം ലഭിക്കും.
2. തുടക്കത്തിൽ 2 വർഷത്തേയ്ക്കുള്ള കരാറും, പിന്നീട് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ കരാർ പുതുക്കി നൽകാവുന്നതുമാണ്.
3. കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ ഹാജർ സിഡിഎസ്സിൽ സൂക്ഷിക്കേണ്ടതും മാസാവസാനം സിറ്റി പ്രോജക്ട് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ശേഷം സിഡിഎസ്സിന്റെ അക്കൗണ്ടിൽ നിന്ന് ഓണറേറിയം നൽകേണ്ടതാണ്.
4. ഒരു നഗരസഭയിൽ പരമാവധി 3000 ദരിദ്ര കുടുംബങ്ങൾക്ക് ഒന്ന് എന്ന രീതിയിൽ ഒരു സിഡിഎസിന് ഒന്നിൽക്കവിയാത്ത തരത്തിലായിരിക്കണം സി.ഒമാരുടെ നിയമനം നടത്തേണ്ടത്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

സ്വീകർത്താവ്

എല്ലാ നഗരസഭാ ചെയർമാൻമാർക്കും/മേയർമാർക്കും
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ സിറ്റി പ്രോജക്ട് ഓഫീസർമാർക്കും
എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും

പകർപ്പ്
എല്ലാ ജില്ലാതല മാനേജർമാർക്കും (ജില്ലാമിഷൻ മുഖേന)

**അംഗീകാരത്തോടെ,**

**പ്രോഗ്രാം ഓഫീസർ (അർബൻ)**